പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2596** **12.02.2019-ൽ മറുപടിയ്ക്ക്**

**കിർത്താഡ്സിൽ സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന യോഗ്യത**

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കിർത്താഡ്സിലെ സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ കെ എസ് ആന്റ് എസ് എസ് ആർ ലെ റൂൾ 39 പ്രകാരം ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ; അവരുടെ യോഗ്യത, സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന യോഗ്യത എന്നിവ ലഭ്യമാക്കുമോ; | എ) | യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ല. 2009, 2010-ൽ സ്പെഷ്യൽ റൂൾ വ്യവസ്ഥ പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ പ്രൊബേഷൻ 2017-ൽ ഡിക്ലയർ ചെയ്തിട്ടുണ്ട്.<br>1. ശ്രീ.മണിഭൂഷണൻ.എ, ലക്ചറർ<br>2. ശ്രീ.സജിത് കുമാർ.എസ്.വി, റിസർച്ച് ഓഫീസർ<br>3. ശ്രീമതി.മിനി.പി.വി, റിസർച്ച് അസിസ്റ്റന്റ്<br>4. ശ്രീമതി.ഇന്ദു.വി.മേനോൻ, ലക്ചറർ |
| ബി) | മേൽപ്പറഞ്ഞ പ്രകാരം പ്രൊബേഷൻ പ്രഖ്യാപിച്ചത് പി ആന്റ് എ ആർ ഡി യുടെ അഭിപ്രായം തേടിയിട്ടാണോ; എങ്കിൽ എന്തായിരുന്നു നിർദ്ദേശം; പ്രസ്തുത നിർദ്ദശങ്ങൾ പാലിച്ചിട്ടുണ്ടോ; റിമാർക്സ് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | പി ആന്റ് എ ആർ ഡി യുടെ അഭിപ്രായം തേടിയിട്ടുണ്ട്. പ്രസ്തുത അഭിപ്രായത്തിന് അനുസൃതമായാണ് 11.10.2007-ലെ GO(P) No.60/2007/SCSTDD പ്രകാരം ലക്ചറർ തസ്തികയിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിന് ശേഷം പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളത്.<br>പി ആന്റ് എ ആർ ഡി യുടെ റിമാർക്സ് ഫയലിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |
| സി) | അപ്രകാരം പ്രൊബേഷൻ പൂർത്തിയാക്കിയ ആരെങ്കിലും പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമവകുപ്പ് | സി) | ഉണ്ട്. ശ്രീ.മണിഭൂഷണൻ.എ കിർത്താഡ്സ് വകുപ്പിൽ നിന്നും പിന്നോക്ക വിഭാഗ വികസന വകുപ്പിലേക്ക് മുൻ സർക്കാരിന്റെ കാലത്ത് 2014-ൽ |

| | | | |
|---|---|---|---|
| | മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് ആയി ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | അന്യത്ര സേവനവ്യവസ്ഥയിൽ പോകുകയും ഇപ്പോൾ ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്തു വരുന്നുമുണ്ട്. |
| ഡി) | ഇപ്രകാരം പ്രൊബേഷൻ പൂർത്തിയാക്കിയ കിർത്താഡ്സിലെ ഉദ്യോഗസ്ഥർ ധനകാര്യവകുപ്പിന്റെ പൊതുനിർദ്ദേശത്തിന് വിരുദ്ധമായി ശമ്പള ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; വിശദമാക്കാമോ? | ഡി) | ഇല്ല. അക്കൗണ്ടന്റ് ജനറൽ ശമ്പളം നിർണ്ണയിച്ച് ലഭ്യമാക്കിയ പേ സ്ലിപ്പിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.മണിഭൂഷണൻ.എ ശമ്പള ആനുകൂല്യങ്ങൾ കൈപ്പറ്റി കൊണ്ടിരിക്കുന്നത്. |

11/a.11

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

| ക്രമ നം. | പേര്, തസ്തിക | യോഗ്യത | സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന യോഗ്യത |
|---|---|---|---|
| 1 | ശ്രീ.മണിഭൂഷണൻ.എ, ലക്ചറർ | ബി.എ ഫിലോസഫി ഫസ്റ്റ് ക്ലാസ്, ഫസ്റ്റ് റാങ്ക് എം.എ ആന്ത്രപ്പോളജി ഫസ്റ്റ് ക്ലാസ്, സെക്കന്റ് റാങ്ക് യു.ജി.സി നെറ്റ് | I) 1st or 2nd class Masters Degree with a minimum of 50% marks in Anthropology/Sociology acquired after a regular course of study from a recognised university ii).Ph.D or M.Phil Degree in the any of the above subjects . |
| 2 | ശ്രീ.സജിത് കുമാർ.എസ്.വി, റിസർച്ച് ഓഫീസർ | എം.എ ഇന്റർ ഡിസിപ്ലിനറി സോഷ്യൽ സയൻസ് (ആന്ത്രപ്പോളജി), എം.എ സോഷ്യോളജി (രണ്ടാം ക്ലാസ്) എം.ഫിൽ ഫ്യൂച്ചർ സ്റ്റഡീസ് എ ഗ്രേഡ് | i) 1st or 2nd class Masters Degree with a minimum of 50% marks in Anthropology/Sociology acquired after a regular course of study from a recognised university and ii) Ph.D or M.Phil Degree in the any of the above subjects |
| 3 | ശ്രീമതി.മിനി.പി.വി, റിസർച്ച് അസിസ്റ്റന്റ് | എം.എ.ആന്ത്രപ്പോളജി ഒന്നാം ക്ലാസ്, ബി.എഡ് സെറ്റ് | i)By promotion from category 8. ii) in the absence of qualified hands for appointment under item (i)above, by appointment by transfer from qualified persons in the service of the Kerala Institute for Research, Training and Development Studies of Scheduled Castes and Scheduled Tribes. (iii) In the absence of qualified persons for appointment under |

| | | | |
|---|---|---|---|
| | | | items (i) and (ii) above, by direct recruitment |
| 4 | ശ്രീമതി.ഇന്ദു.വി.മേനോൻ, ലക്ചറർ | എം.എ സോഷ്യാളജി ഒന്നാം ക്ലാസ്, ബി.എഡ് സെറ്റ് | I) 1st or 2nd class Masters Degree with a minimum of 50% marks in Anthropology/Sociology acquired after a regular course of study from a recognised university ii) Ph.D or M.Phil Degree in the any of the above subjects |

Hari
സെക്ഷൻ ഓഫീസർ

നം. 385/എ 1/2017/ഉ.ഭ.പ.വ
24543/ഇ 2/2015/SCSTDD.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(ഉപദേശ-എ) വകുപ്പ്
തീയതി: 15/04/2017

(100) 11/10/2007-ലെ GO (P)No. 60/2007/SCSTDD - പ്രകാരം സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം, പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യരല്ലാത്ത കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരെ 24/10/2009-ലെ സർക്കാർ ഉത്തരവ് (കൈ) നം. 90/2009/പ.ജ.പ.വ.വിവ, GO (Ms)No. 91/2010/SCSTDD - എന്നീ ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയ നടപടി ചട്ടപ്രകാരം ശരിയല്ല. കു.ഫ.ഖണ്ഡിക '61' - ൽ പരാമർശിച്ചിരിക്കുന്ന ശ്രീ.മണിഭൂഷൻ.എ, ശ്രീമതി.മിനി.പി.വി - എന്നിവരുടെ കിർത്താഡ്സിലെ ആദ്യ തസ്തികയിലേക്കുള്ള നിയമനവും തുടർന്ന് മേൽ തസ്തികയിലേക്കുള്ള പ്രൊവിഷണൽ നിയമനം / പ്രൊമോഷൻ എന്നിവയും, മേൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം, ഒറ്റ ഉത്തരവിൽ തന്നെ സ്ഥിരപ്പെടുത്തിയതും ചട്ട വിരുദ്ധമാണ്.

(101) എന്നാൽ, വർഷങ്ങൾക്ക് മുമ്പ് കരാറടിസ്ഥാനത്തിൽ, അന്ന് നിലവിലിരുന്ന വ്യവസ്ഥകൾ പ്രകാരം നിയമിതരായവരും തുടർന്ന് മേൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം നിയമനം സ്ഥിരപ്പെടുത്തിയവരുമായ കു.ഫ. ഖണ്ഡിക 61-ൽ പരാമർശിച്ച ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ, മേൽ പരാമർശിച്ച സാങ്കേതികത്വത്തിന്റെ അടിസ്ഥാനത്തിൽ, പൂർത്തീകരിക്കാൻ കഴിയാതെ, ടിയാളുകളുടെ സർവ്വീസ് കാലങ്ങളായി അനിശ്ചിതാവസ്ഥയിൽ തുടരുന്ന സാഹചര്യം തികച്ചും പരിഗണനാർഹവും ആയതിന് ഉചിതമായ പരിഹാരം ഉണ്ടാകേണ്ടതുമാണ്. കു.ഫ ഖണ്ഡിക 69-ലെ നിയമവകുപ്പിന്റെ അഭിപ്രായപ്രകാരം, ഇത്തരം സാഹചര്യങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന്, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ്

നം. 385/എ 1/2017/ഉ.ഭ.പ.വ
24543/ഇ 2/2015/SCSTDD.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(ഉപദേശ-എ) വകുപ്പ്.

102.

ചട്ടങ്ങളിലെ ചട്ടം 39 സർക്കാരിന് വിപുലമായ വിവേചനാധികാരം നല്കുന്നുണ്ട്. ഇപ്രകാരം, ചട്ടം 39 പ്രയോഗിച്ച്, കം.ഫ. ഖണ്ഡിക'61'-ൽ നിർദ്ദേശിച്ച പ്രകാരം ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് തീരുമാനമെടുക്കുവാൻ ഭരണവകുപ്പ് ഉദ്ദേശിക്കുന്ന പക്ഷം, പ്രസ്തുത ആനുകൂല്യം ടി ഉദ്യോഗസ്ഥർ കിർത്താഡ്സിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ആദ്യ തസ്തികയിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു. ചട്ടം 39 പ്രയോഗിക്കുന്ന കാര്യത്തിൽ, ഭരണവകുപ്പിന്റെ ശ്രദ്ധ 14/09/1973-ലെ Circular No. 131867/Rules/72/PD, 20/07/1976-ലെ 76016/Rules-1/76/PD, 15/01/1983-ലെ Circular No. 98995/Rules-1/82/GAD - എന്നീ സർക്കാർ ഉത്തരവുകളിലേക്കും ക്ഷണിക്കുന്നു.

(ഒപ്പ്)
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

13894/13

85|A1|17|P&ARD
4543|E2|2015|SCSTDD
↓
SCSTD(E)Dept.

Hari

→



G.S.
11.2.19